പത്രക്കുറിപ്പ്
18-3-2017

### കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഭവനപദ്ധതി

# 18 ലക്ഷം വരെ വാർഷിക വരുമാനമുള്ള നഗരവാസികൾക്ക് പലിശ സബ്സിഡിയോടെ 12 ലക്ഷം വരെ ഭവനവായ്പ

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്തു നടപ്പാക്കുന്ന കേന്ദ്ര പദ്ധതി 'പ്രധാനമന്ത്രി ആവാസ് യോജന(പി.എം.എ.വൈ)എല്ലാവർക്കും ഭവനം 2022' പദ്ധതിയിൽ വാർഷികവരുമാനത്തിന്റെയും വായ്പാതുകയുടെയും പരിധി ഉയർത്തി. ഇതു പ്രകാരം 18 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള നഗരവാസികളുടെ പരമാവധി 12 ലക്ഷം രൂപ വരെയുള്ള ഭവനവായ്പക്ക് മൂന്നു ശതമാനം പലിശ സബ്സിഡി ലഭിക്കും. 12 ലക്ഷം വരെ വാർഷിക വരുമാനമുള്ളവരുടെ ഒമ്പതു ലക്ഷം രൂപ വരെയുള്ള വായ്പക്ക് നാല് ശതമാനം പലിശ സബ്സിഡിയും ലഭിക്കും. ചുരുക്കത്തിൽ ഭവനനിർമാണത്തിന്, 4.5 മുതൽ 5.5 ശതമാനം നിരക്കിൽ വായ്പ ലഭിക്കുന്നതാണ്.

നിലവിൽ ആറുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നഗരവാസികളുടെ ആറു ലക്ഷം വരെയുള്ള ഭവനവായ്പക്ക് ആറര ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി കുടുംബശ്രീ നടപ്പാക്കുന്നുണ്ട്. ഇതിനു പുറമേയാണ് പുതിയ പദ്ധതി.

18 ലക്ഷം വരെ വാർഷിക വരുമാനമുള്ള നഗരവാസികൾക്ക് സബ്സിയോടെ ഭവനവായ്പ ലഭിക്കുന്ന പദ്ധതി ഇന്ത്യയിൽ ആദ്യമായാണ് നടപ്പാക്കുന്നത്. വരുമാന-വായ്പാപരിധി ഉയർത്തിയതിലൂടെ കൂടുതൽ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. പുതുക്കിയ വായ്പാപരിധിയിൽ അനുവദിച്ചതിനേക്കാൾ കൂടുതലായി എടുക്കുന്ന വായ്പയ്ക്ക് അതത് ബാങ്കുകൾ നിഷ്കർഷിച്ചിട്ടുള്ള പലിശ നൽകണം. 20 വർഷമാണ് വായ്പാ തിരിച്ചടവിന്റെ കാലാവധി. പദ്ധതി പ്രകാരം പുതുതായി വീട് നിർമിക്കുന്നതിനും വാങ്ങുന്നതിനും വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിനും ബാങ്ക്വായ്പ ലഭിക്കും. വരുമാന നികുതി നൽകുന്ന സർക്കാർ ഉദ്യോഗസ്ഥർ വായ്പയെടുത്താൽ അവർക്കും സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും.

ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് എന്നിവയാണ് കേന്ദ്ര സർക്കാർ പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള കേന്ദ്ര നോഡൽ ഏജൻസികൾ. ഇവയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുള്ള ബാങ്കുകളാണ് വായ്പ അനുവദിക്കുന്നത്. വായ്പയ്ക്കായി അപേക്ഷിക്കുന്ന ബാങ്കുകളുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാകും വായ്പാതുക അനുവദിക്കുക.

നിലവിൽ സ്വന്തമായി വീടില്ലാത്ത നഗരദരിദ്രരുടെ പ്രശ്നം പരിഹരിക്കുന്നതിന് പി.എം.എ.വൈ പദ്ധതിയിലെ ചേരിവികസനം ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് കുടുംബശ്രീയുടെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കി വരികയാണ്. പദ്ധതിയുടെ ഒരു ഘടകമായ 'ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയിൽ ഉൾപ്പെടുത്തി സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്ന രീതിയിലുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ചുമതല കുടുംബശ്രീക്കും നഗരസഭകൾക്കും ബാങ്കുകൾക്കുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ